# SUPER TALENT SSLC MODEL EXAMINATION 2021

## മലയാളം
## കേരള പാഠാവലി

സ്റ്റാൻഡേർഡ് : X
സമയം : 1 മണിക്കൂർ 30 മിനിറ്റ്
സ്കോർ : 40

**1 മുതൽ 6 വരെ ചോദ്യങ്ങൾക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക ( 1 സ്കോർ വീതം )**

**1.**

*"ഭവതിയുടയ പുത്രനെന്നുമേ പോരിൽ മുമ്പൻ*
*ഭുവനഭരണകർത്താ ഹന്ത! ദുഷ്ഷന്തനീയാൾ;*
*ഇവനുടെ കുലവില്ലാലസ്ത്രകാര്യം നടന്നി-*
*ട്ടവനു കൊടിയ വജ്രം ഭൂഷണപ്രായമായി "*

താഴെ തന്നിരിക്കുന്നവയിൽ ഏത് പ്രത്യേകതയാണ് ദുഷ്ഷന്തനില്ലാത്തത് ?

- രാജാവാണ്
- കുലവില്ലുണ്ട്
- ശത്രുസംഹാരം നടത്തിയട്ടുണ്ട്
- വജ്രായുധമുണ്ട്

**2.**

*ധീരനായ യതി നോക്കി തന്വിതൻ*
*ഭൂരിബാഷ്പപരിപാടലം മുഖം;*

ദിവാകരൻ നോക്കി നിന്നത് എന്ത് ?

- തന്വിയെ
- നളിനിയെ
- നളിനിയുടെ മുഖം
- നളിനിയുടെ ഭൂരിഭാഗം

**3.** 'അമിത്രവീരന്മാർ' ശരിയായി പിരിച്ചെഴുതുക

- മിത്രങ്ങളില്ലാത്ത വീരന്മാർ
- ശത്രുക്കളായ വീരന്മാർ
- അമിത്രന്റെ പുത്രന്മാരായ വീരന്മാർ
- അമിത്ര രാജ്യത്തിലെ വീരന്മാർ

**4.** ഞാൻ കഥാകാരനായ കഥയിൽ എസ് കെ പൊറ്റക്കാട് വിവരിക്കുന്ന സംഭവം നടന്നത് എപ്പോഴാണ്?

- എസ് കെ വളരെ കൊച്ചു കുട്ടിയായിരുന്നപ്പോൾ
- എസ് കെ ഹൈസ്കൂളിൽ പഠിപ്പിച്ചിരുന്നകാലത്തു
- എസ് കെ മദ്രാസിലായിരുന്നപ്പോൾ
- എസ് കെ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ

**5.** ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി തൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.
ഈ തിരിച്ചറിവിന്റെ കാരണമെന്ത്?

- മിറൽ കരഞ്ഞതുകൊണ്ട്
- ഭർത്താവ് മരിച്ചുപോയതുകൊണ്ട്
- ഉരുളക്കിഴങ്ങുകൃഷി നശിച്ചതുപോയതുകൊണ്ട്
- ഭർത്താവ് ക്രിസ്തുമസ് അവധിക്കു വീട്ടിൽ വരാത്തത്കൊണ്ട്

**6.** ഋതുയോഗം കാളിദാസന്റെ ഏത് കൃതിയിൽ നിന്നുള്ളതാണ് ?

- അഭിജ്ഞാനശാകുന്തളം
- രഘുവംശം
- മേഘസന്ദേശം
- കുമാരസംഭവം

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ( 2 സ്കോർ വീതം)**

**7.**

*" ക്രോധമൂലം മനസ്താപമുണ്ടായിവരും*
*ക്രോധമൂലം നൃണാം സംസാരബന്ധനം*
*ക്രോധമല്ലോ നിജധർമ്മക്ഷയകരം*
*ക്രോധം പരിത്യജിക്കേണം ബുധജനം "*

( ലക്ഷ്മണസാന്ത്വനം )

വരികളിലെ കാവ്യ സവിശേഷതകൾ അതിന്റെ ആശയത്തെ ബലപ്പെടുത്തുന്നുണ്ടോ? സാധൂകരിക്കുക.

**8.**
*" ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ."* ( കടൽത്തീരത്ത് ) ഈ വിവരണം കഥാഭാഗത്തിനു എത്രത്തോളം അനുയോജ്യമാണ് ?

**9.** കലി എന്തിനാണ് ഭൂമിയിലേക്ക് പുറപ്പെട്ടത് ?

**10.**

*" ആഗമ തത്ത്വ വേദികൾ വന്നുപോൽ*
*യോഗദണ്ഡിലിതിനെ തളയ്ക്കാൻ*
*എന്റെ പൂർവികരശ്വഹൃദയജ്ഞ-*
*രെന്റെ പൂർവികർ വിശ്വ വിജയികൾ,*
*അങ്കമാടിക്കുതിരയെ വീണ്ടെടു-*
*ത്തന്നണഞ്ഞു യുഗങ്ങൾതൻ ഗായകർ! "*

( അശ്വമേധം )

ആരാണ് കുതിരയെ തളയ്ക്കാൻ ശ്രമിച്ചത്?

**11.** *" ഔദ്യോഗിക വിരുന്നുകളിലും പൊതുചടങ്ങുകളിലും വച്ചു ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്ന് വിളിക്കാറുണ്ടവരെ."* ( വിശ്വരൂപം )

മിസ്സിസ് തലത്തിനെ ഇങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണം എന്ത്?

**12 മുതൽ 21 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ( 4 സ്കോർ വീതം)**

**12.**

*"ഴാങ് വാൽ ഴാങ് നടുങ്ങി. പരലോകത്തുവെച്ചു ഇഹലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദംപോലെ, തിരിക്കുറ്റിയുടെ കരച്ചിലൊച്ച അയാളുടെചെകിട്ടിലടിച്ചു."*

*"മെത്രാൻ ആ സമയത്തു കുനിഞ്ഞ് നിന്ന്, കൊട്ട തടത്തിൽ വീണതുകൊണ്ടു കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചുനോക്കി വ്യസനിക്കുകയായിരുന്നു."*

( പാവങ്ങൾ )

തീവ്രമായ ജീവിതനിമിഷങ്ങൾ മെത്രാനിലും ഴാങ് വാൽ ഴാങ്ങിലും ഉണ്ടാക്കുന്ന പ്രതികരണങ്ങൾ താരതമ്യം ചെയ്യുക.

**13.**

*" പിന്നെയൊന്നൊരുപകാരമേതിനോ-*
*യെന്നെയോർത്തു സഖി, ഏതതോതുക;*
*അന്യജീവനുതകി സ്വജീവിതം*
*ധന്യമാക്കുമമലേ, വിവേകികൾ."*

( പ്രിയദർശനം )

ദിവാകരൻ ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ട് ?

**14.** *" ആ പക, പക എന്ന് പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ".* ( യുദ്ധത്തിന്റെ പരിണാമം ) കൃഷ്ണൻ അശ്വത്ഥാമാവിനെ ശപിക്കാനുള്ള കരണങ്ങൾകൂടി പരിഗണിച്ചു ഈ പ്രസ്താവന വിശദീകരിക്കുക.

**15.** ശാന്തമുത്തശ്ശിയുടെ ജീവിതത്തോടുള്ള സമീപനം ലിംബാളെയുടെ ജീവിതത്തെകുറിച്ചുള്ള കാഴ്ചപാടിനെ എങ്ങനെയെല്ലാം സ്വാധീനിച്ചിരിക്കും ?

**16.**

*" പുഞ്ചിരിപ്പൂ ഞാൻ; വീണ്ടു-*
*മുണർന്നാക്കുളുർവെണ്ണ-*
*ക്കല്ലിനുമീതെ നിന്റെ*
*ചുറ്റികയൊരു കരി-*
*വണ്ടുപോൽ ചുറ്റിപ്പറ-*
*ന്നുളിതൻ നിറുകയിൽ*
*ചുംബിക്കും ഹർഷോന്മാദ-*
*സീൽക്കാരം കേൾക്കുന്നു ഞാൻ"*

*"പിന്തിരിയുമ്പോൾ കേട്ടേൻ:*
*ഇടിവെട്ടുമ്പോലൊരു*
*ചുറ്റികമുട്ടും ശബ്ദം!"*

( മൈക്കെലാഞ്ചെലോ മാപ്പ് )

കവിതയുടെ പ്രാരംഭത്തിൽ കവി കേൾക്കുന്ന ശബ്ദവും കവിതയുടെ ഒടുവിൽ കേൾക്കുന്ന ശബ്ദവും തമ്മിൽ താരതമ്യം ചെയ്യുക.

**17.**

*" എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും*
*നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും"*

*" ദേഹാഭിമാനം നിമിത്ത മായുണ്ടായ*
*മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ*
*മാനസതാരിൽ നിരൂപിച്ചതും"*

( ലക്ഷ്മണസാന്ത്വനം )

ലക്ഷ്മണന്റെ ഈ സ്വഭാവ വൈരുധ്യം മനസിലാക്കി അനുജനെ സാന്ത്വനിപ്പിക്കുന്ന ശ്രീരാമന്റെ അനുനയരീതി വിലയിരുത്തുക.

**18.** സ്വയം ഭക്ഷിക്കാതെ, രാത്രി മുഴുവൻ സൂക്ഷിച്ചു കൊണ്ടുവന്ന പൊതിച്ചോർ വെള്ളായിയപ്പൻ കടലിലേക്ക് എറിഞ്ഞു കളയാനുള്ള മാനസികാവസ്ഥ വിവരിക്കുവാൻ കഥാകാരന് കഴിയുന്നുണ്ടോ ?

**19.**

**<u>അമ്മയെ കുളിപ്പിക്കുമ്പോൾ</u>**

*അമ്മയെ കുളിപ്പിക്കുമ്പോൾ*
*കുഞ്ഞിനെ കുളിപ്പിക്കുമ്പോഴെന്നപോലെ*
*കരുതൽ വേണം.*
*ഉടൽ കൈയിൽനിന്നു വഴുതരുത്*
*ഇളം ചൂടായിരിക്കണം*
*വെള്ളത്തിന്.*
*കാലം നേർപ്പിച്ച ആ ഉടൽ*
*കഠിനമണങ്ങൾ പരത്തുന്ന*
*സോപ്പുലായനികൊണ്ട് പതയ്ക്കരുത്*
*കണ്ണുകൾ നീറ്റരുത്*

*ഒരിക്കൽ*
*നിന്നെ കുളിപ്പിച്ചൊരുക്കിയ*
*അമ്മയുടെ കൈകളിൽ*
*അന്ന് നീ കിലുക്കിക്കളിച്ച വളകൾ കാണില്ല;*
*അവയുടെ ചിരിയൊച്ചയും*

*അപ്പോൾ*
*അമ്മ നിനക്കു തന്ന ഉമ്മകളിലൊന്നു*
*അമ്മയ്ക്കു പകരം നൽകുക*

( സാവിത്രി രാജീവൻ )

ആസ്വാദനകുറിപ്പ് തയാറാക്കുക.

**20.** തന്റെ ആദ്യത്തെ എഴുത്തുകൊണ്ട് തന്നെ ഒരു എഴുത്തുകാരൻ സമൂഹത്തോട് കാണിക്കേണ്ട പ്രതിപത്തി എസ് കെ പൊറ്റക്കാട് നിർവ്വഹിച്ചുവോ? സമർത്ഥിക്കുക.

**21.** ഴാങ് വാൽ ഴാങ് മെത്രാന്റെ ഭവനത്തിൽ ചെയ്ത പ്രവർത്തികളോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക.

**22 മുതൽ 25 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ( 6 സ്കോർ വീതം)**

**22.** ഋതുയോഗത്തിനു ഇത്ര മനോഹരമായ അന്ത്യം നിർമിച്ചത് കാളിദാസന്റെ ഭാവനയാണ് . പാഠഭാഗം വിലയിരുത്തി വിശദീകരിക്കുക.

**23.** *" എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു! അമ്മേ! ഭവതി ഭാഗ്യവതിയാണ്" ( വിശ്വരൂപം )* സുധീർ ഇങ്ങനെ ചിന്തിക്കാനുള്ള കാരണങ്ങൾ പാഠഭാഗത്തിലെ സന്ദർഭങ്ങളിലൂടെ തെളിയിക്കുക.

**24.**
*" എങ്കിൽപ്പിന്നെ എഴുത്തുകതന്നെ വേണം. എനിക്കങ്ങനെ പറയാമോ എന്നറിയില്ല. എന്നാലും പറയാം. മഹാനായ ദസ്തയേവ്സ്കി എഴുതുന്നത് വായിക്കാൻ കാത്തിരിക്കുന്ന വായനക്കാരുടെ ഒരു ലോകമുണ്ട്." (ആത്മാവിന്റെ വെളിപാടുകൾ)*
അന്ന എങ്ങനെയാണു ദസ്തയേവ്സ്കിയ്ക്ക് ആശ്വാസം നല്കാൻ ശ്രമിക്കുന്നത്. ദസ്തയേവ്സ്കിയുടെ ജീവിതത്തിലെ ദുരനുഭവങ്ങൾ കൂടി പരിഗണിച്ചു അന്നയുടെ പരിശ്രമങ്ങൾ വിലയിരുത്തുക.

**25.**

*" പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ!*
*ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-*
*മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ*
*ആരൊരാളിക്കുതിരയെകെട്ടുവാൻ*
*ആരൊരാളിതിൻ മാർഗം മുടക്കുവാൻ? "*
*( അശ്വമേധം )*

എങ്ങനെയാണു കല സമൂഹത്തെ മാറ്റിമറിച്ചതെന്നാണ് കവി കവിതയിലൂടെ അറിയിക്കുന്നത്. പാഠഭാഗം വിലയിരുത്തി ഉപന്യാസം തയാറാക്കുക.